പതിന്നാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3378 — 10/12/2018 ൽ മറുപടിക്ക്

## റീസർവ്വേ പൂർത്തികരണം - വിജ്ഞാപനം പുറപ്പെട്ടുവിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വഞ്ചിയൂർ വില്ലേജിലെ മുപ്പതിനായിരത്തോളം സ്ഥലഉടമകൾക്ക്, റീസർവ്വേ പൂർത്തിയായിട്ടും അത് വിജ്ഞാപനം ചെയ്യാത്തതുമൂലം നികുതി അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ മുൻ സർവ്വെ പ്രകാരം വഞ്ചിയൂർ വില്ലേജിൽ നികുതി സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) വിജ്ഞാപനം ചെയ്യാൻ വൈകുന്നതിലെ കാരണങ്ങൾ വ്യക്തമാക്കുമോ; എന്തെങ്കിലും പരാതികൾ നിലവിലുള്ള സാഹചര്യത്തിലാണോ വിജ്ഞാപനം ചെയ്യുന്നത് വൈകുന്നത്; | (ബി) | വഞ്ചിയൂർ വില്ലേജിന്റെ റീസർവ്വെ പ്രവർത്തനങ്ങളുടെ അന്തിമഘട്ടത്തിൽ ശ്രദ്ധയിൽപ്പെട്ട ചില പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതിനാലാണ് വിജ്ഞാപനം വൈകുന്നത്. |
| (സി) എങ്കിൽ പരാതികൾ എത്രയും വേഗം പരിഹരിച്ച് റീസർവ്വേ പൂർത്തിയായ വിവരം വിജ്ഞാപനം ചെയ്യുന്നതിനും സ്ഥല ഉടമകൾക്ക് നികുതി അടയ്ക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | വഞ്ചിയൂർ വില്ലേജിൽ ശേഷിക്കുന്ന പരാതികൾ വേഗത്തിൽ പരിഹരിച്ച് സർവ്വെ അതിരടയാള നിയമ പ്രകാരം വിജ്ഞാപനം ചെയ്ത് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ